REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-01-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **കേന്ദ്ര സംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്ന ഭാരത് പർവിന്റെ സമാപന ചടങ്ങിന് ന്യൂഡൽഹിയിൽ തുടക്കം. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ മുഖ്യാതിഥി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പഞ്ചാബ് സന്ദർശിക്കും.**
- **എക്സൈസ് സേനയിൽ 134 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചതായി മന്ത്രി MB രാജേഷ്.**
- **സംസ്ഥാനത്ത് റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് നല്ല പദ്ധതികൾ ആരു കൊണ്ടുവന്നാലും പിന്തുണയ്ക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **ഇന്ത്യ-ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മൽസരം വൈകിട്ട് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര സംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്ന ഭാരത് പർവിന്റെ സമാപന ചടങ്ങ് അല്പം മുമ്പ് ന്യൂഡൽഹിയിൽ ആരംഭിച്ചു. ഉപരാഷ്ട്രപതി CP.രാധാകൃഷ്ണൻ മുഖ്യാതിഥിയാണ്. രാത്രി ഒൻപതു വരെ പൊതുജനങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാം.

✪✪✪

സന്ത് ഗുരു രവിദാസിന്റെ 649-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പഞ്ചാബ് സന്ദർശിക്കും. ആദംപൂർ വിമാനത്താവളം

സന്ദർശിക്കുന്ന മോദി, താവളത്തിന് ശ്രീഗുരു രവിദാസ്ജി വിമാനത്താവളം- ആദംപൂർ- എന്ന് പുനർനാമകരണം ചെയ്യും. രാജ്യത്തിന്റെ സാമൂഹിക ധാർമ്മികതയെ പ്രചോദിപ്പിക്കുന്ന സമത്വം, കാരുണ്യം, മനുഷ്യ അന്തസ്സ് എന്നിവ ഉയർത്തിപ്പിടിച്ച സാമൂഹിക പരിഷ്ക്കർത്താവിന് ആദരവാണ് പുനർ നാമകരണമെന്ന് പ്രധാനമന്ത്രി കാര്യാലയം അറിയിച്ചു.

ലുധിയാന ഹൽവാര വിമാനത്താവളത്തിന്റെ ടെർമിനലും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാം യോഗത്തിൽ പങ്കെടുക്കാൻ UAE വിദേശകാര്യ സഹമന്ത്രി ഖലീഫ ഷഹീൻ അൽമരാർ രാവിലെ ന്യൂഡൽഹിയിലെത്തി. ഇന്ത്യയും UAE യും തമ്മിലെ തന്ത്രപര പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺദീർ ജയ്സ്വാൾ സമൂഹമാധ്യമത്തിൽ പറഞ്ഞു.

✪✪✪

ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് മുന്നോടിയായി ഒമാൻ വിദേശകാര്യമന്ത്രി ബദർ അൽബുസൈദി ന്യൂഡൽഹിയിലെത്തി. ഇന്ത്യയും ഒമാനും തമ്മിൽ ബഹുമുഖ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി

✪✪✪

2026-27 വർഷത്തെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ രാവിലെ പതിനൊന്നിന് ലോക്സഭയിൽ അവതരിപ്പിക്കും. 2019-ൽ അധികാരമേറ്റശേഷം നിർമ്മല സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത്തെ ബജറ്റാണിത്.

നരേന്ദ്രമോദി ഗവൺമെന്റിന്റെ മൂന്നാം ടേമിലെ മൂന്നാമത്തെ ബജറ്റാണ് ധനമന്ത്രി നിർമല സീതാരാമൻ നാളെ അവതരിപ്പിക്കുന്നത്. ബജറ്റ് പ്രസംഗം പൂർത്തിയാക്കിയ ശേഷം ബജറ്റ് രേഖകൾ മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ലഭ്യമാകും.

ബജറ്റ് അവതരണ ശേഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 30 ഓളം കോളജ് വിദ്യാർത്ഥികളുമായി നിർമ്മലാ സീതാരാമൻ സംവദിക്കും.

✪✪✪

റാംസർ തണ്ണീർത്തട പട്ടികയിലേക്ക് രാജ്യത്തെ രണ്ട് തണ്ണീർത്തടങ്ങൾ കൂടി ചേർക്കുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് അറിയിച്ചു. ഉത്തർപ്രദേശിലെ

എറ്റാ ജില്ലയിലെ പട്ന പക്ഷിസങ്കേതവും ഗുജറാത്തിലെ കച്ച് ജില്ലയിലെ ഛരി-ധണ്ടുമാണ് പട്ടികയിൽ പുതുതായി ഉൾപ്പെട്ടത്.

രണ്ട് പുതിയ തണ്ണീർത്തടങ്ങളെക്കൂടി റാംസർ സൈറ്റുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. ഈ ജില്ലകളിലെ തദ്ദേശീയരേയും തണ്ണീർത്തട സംരക്ഷകരെയും പ്രധാനമന്ത്രി സാമൂഹികമാധ്യമത്തിൽ അഭിനന്ദിച്ചു.

✪✪✪

ഇന്ത്യയിൽ നിപ വൈറസ് പടരാൻ സാധ്യത കുറവാണെന്നും, അതിനാൽ വ്യാപാര നിയന്ത്രണങ്ങൾ ആവശ്യമില്ലെന്നും ലോകാരോഗ്യസംഘടന വ്യക്തമാക്കി. പശ്ചിമബംഗാളിലെ നോർത്ത് 24 പർഗാനാസ് ജില്ലയിൽ രണ്ട് നിപ വൈറസ് കേസുകൾ സ്ഥിരീകരിച്ചതിനെ തുടർന്നാണ് ലോകാരോഗ്യസംഘടനയുടെ പരാമർശം. രോഗം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നും ഇന്ത്യയിലെ ആരോഗ്യ അധികൃതരുമായി ബന്ധം പുലർത്തിവരികയാണെന്നും ലോകാരോഗ്യ സംഘടന അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന് ചൂടുപകരാൻ LDF ന്റെ വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥയ്ക്ക് നാളെ കാസർകോട്ട് തുടക്കമാകും. മഞ്ചേശ്വരം കുമ്പളയിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.CPIM സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനാണ് ജാഥാ ക്യാപ്റ്റൻ.

കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായ പ്രചാരണവും സംസ്ഥാന ഗവൺമെന്റിന്റെ ക്ഷേമ നടപടികൾ ജനങ്ങളിലേക്ക് എത്തിക്കുകയുമാണ് ജാഥയുടെ ലക്ഷ്യം. ജാഥ 16ന് പാലക്കാട് സമാപിക്കും. കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ മാണി നയിക്കുന്ന മധ്യമേഖലാ ജാഥ ഫെബ്രവരി ആറിന് വൈകിട്ട് പത്തനംതിട്ടയിൽ നിന്ന് ആരംഭിക്കും. 14ന് എറണാകുളത്താണ് സമാപനം. CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം നയിക്കുന്ന തെക്കൻമേഖലാ ജാഥ ഫെബ്രുവരി മൂന്നിന് വൈകിട്ട് ചേലക്കരയിൽ നിന്നാണ് തുടങ്ങുന്നത്. 15ന് തിരുവനന്തപുരത്ത് സമാപിക്കും.

✪✪✪

നിയമസഭാ തെരഞ്ഞുടുപ്പിൽ വിവാദങ്ങളേക്കാൾ വികസന രാഷ്ട്രീയമാണ് ജനങ്ങൾ ചർച്ച ചെയ്യുകയെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് പറഞ്ഞു. പാർട്ടി സ്ഥാനാർത്ഥി പട്ടികയിൽ മുസ്ലീങ്ങൾ

അടക്കം എല്ലാ സമുദായങ്ങളുടേയും പ്രാതിനിധ്യം ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. വികസിത കേരളത്തിന് സുരക്ഷിത കേരളം വരണമെന്നും പ്രത്യേക വിഭാഗത്തെ പ്രീണിപ്പിക്കാത്ത ഭരണമാണ് ബി ജെ പി ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

കൊല്ലം തേവലക്കരയിൽ സ്കൂളിന് സമീപത്തെ വൈദ്യുത ലൈനിൽ നിന്നും ഷോക്കേറ്റ് മരിച്ച എട്ടാം ക്ലാസ്സ് വിദ്യാർത്ഥി മിഥുന്റെ കുടുംബത്തിന് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് നിർമിച്ച വീട് മന്ത്രിമാരായ V ശിവൻ കുട്ടിയും, KN ബാലഗോപാലും ചേർന്ന് കൈമാറി. മിഥുന്റെ ആഗ്രഹം സഫലമാക്കാൻ മുന്നിട്ടിറങ്ങിയതിന് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിനെ മന്ത്രി ശിവൻകുട്ടി അഭിനന്ദിച്ചു. കുട്ടികളിൽ നിന്ന് ഒരു രൂപ പോലും പിരിക്കാതെ,1,000 സ്ക്വയർ ഫീറ്റിൽ 20 ലക്ഷം രൂപ ചെലവഴിച്ച് ആറുമാസം കൊണ്ടാണ് വീട് നിർമിച്ചത്. അങ്ങേയറ്റം മാതൃകാപരമായ പ്രവർത്തനമാണിതെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

വ്യവസായി സി.ജെ. റോയിയുടെ മരണത്തെ കുറിച്ച് സമഗ്രമായ അന്വേഷണം വേണമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആവശ്യപ്പെട്ടു. മരണത്തിനിടയാക്കിയത് കേന്ദ്ര ഏജൻസികളുടെ സമ്മർദമാണെന്ന് സംശയിക്കുന്നതായി അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ എക്സൈസ് സേനയിൽ 134 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചതായി മന്ത്രി MB രാജേഷ് അറിയിച്ചു. സേനയെ നവീകരിക്കാനും, ശാക്തീകരിക്കാനും ഈ ഗവൺമെന്റിന്റെയും, മുൻ ഗവൺമെന്റിന്റെയും തീരുമാനപ്രകാരമാണ് പുതിയ തസ്തികകളെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ എക്സൈസിൽ PSC വഴി 2,949 നിയമനങ്ങളാണെന്നും MB രാജേഷ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് നല്ല പദ്ധതികൾ ആരു കൊണ്ടുവന്നാലും പിന്തുണയ്ക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. അതിവേഗ റെയിൽ വരുന്നതിന് UDF എതിരല്ലെന്നും, എന്നാൽ പ്രാരംഭ പഠനം പോലും നടത്താതെ പദ്ധതി കൊണ്ടു വരുന്നത് ഗുണം ചെയ്യില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. മെട്രോമാൻ ശ്രീധരന്റെ അതിവേഗ റെയിൽ പദ്ധതിയെ സ്വാഗതം ചെയ്യുന്നതായും VD സതീശൻ അറിയിച്ചു.

✪✪✪

ചേക്കുട്ടിപ്പാവകളിലൂടെ ലോകശ്രദ്ധ നേടിയ എറണാകുളം ജില്ലയിലെ ചേന്ദമംഗലം കൈത്തറിഗ്രാമത്തിന്റെ ആദ്യ രണ്ട് ഘട്ടം നിർമ്മാണം പൂർത്തിയായതായി മന്ത്രി പി രാജീവ് അറിയിച്ചു. പദ്ധതി നാളെ വൈകിട്ട് ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. പ്രളയം തകർത്ത ഗ്രാമത്തിന് പുതുവെളിച്ചം നൽകുന്ന പദ്ധതിയാണിതെന്നും മന്ത്രി വ്യക്തമാക്കി. കൈത്തറി ആന്റ് ടെക്സ്റ്റയിൽ വകുപ്പ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, KEL തുടങ്ങിയ വകുപ്പുകളാണ് നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കാളികളായത്.

✪✪✪

ഇന്ത്യാ ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മൽസരം വൈകിട്ട് തിരുവനന്തപുരത്ത്. 3-1 എന്ന നിലയിൽ ഇതിനകം തന്നെ ഇന്ത്യ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്. മത്സരത്തോടനുബന്ധിച്ച് നഗരത്തിൽ ഗതാഗതനിയന്ത്രണവും, സുരക്ഷയും ശക്തമാക്കി.

✪✪✪

ആർട്ടെമിസ് II ചാന്ദ്ര ദൗത്യത്തിന്റെ വിക്ഷേപണം NASA മാറ്റിവച്ചു. ഫ്ലോറിഡയിലെ മോശം കാലാവസ്ഥ കണക്കിലെടുത്താണ് നാസയുടെ തീരുമാനം. മുമ്പ് ഫെബ്രുവരി 6 ന് നിശ്ചയിച്ചിരുന്ന വിക്ഷേപണം ഫെബ്രുവരി 8 ന് വിക്ഷേപിക്കാനാണ് തീരുമാനം.

✪✪✪

സംസ്ഥാനത്ത് സ്വർണ്ണവില വീണ്ടും കുറഞ്ഞു. പവന് 6,320 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 17,760 രൂപയായി. ഗ്രാമിന് 14,720 രൂപയാണ് ഇന്നത്തെ വില.

✪✪✪

കേന്ദ്ര MSME മന്ത്രാലയം നടപ്പാക്കി വരുന്ന പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കരകൗശല വിദഗ്ദരുടെ ഉല്പന്ന പ്രദർശന വിപണന മേള കോഴിക്കോട് ബീച്ച് റോഡിന് സമീപം തുടങ്ങി.

PM വിശ്വകർമ്മ പദ്ധതി ഗുണഭോക്താക്കളുടെ ഉത്പന്നങ്ങളുടെ വിപണന സൗകര്യം വർധിപ്പിക്കുന്നത് ലക്ഷ്യമിടുന്ന മേള കോഴിക്കോട് കോർപ്പറഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ രാജീവ് ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് ജില്ലയിലെ 15 ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി, മാർച്ച് മാസം ഭാഗികമായി കമ്മീഷൻ ചെയ്യും. പദ്ധതിയുടെ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് പെരുവണ്ണാമൂഴിയിലെ ജലശുദ്ധീകരണ ശാല സന്ദർശിച്ചു. മാർച്ച് 31നകം പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുമെന്ന് ജൽജീവൻ മിഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ PC ബിജു ജില്ലാ കലക്ടറെ അറിയിച്ചു.

✪✪✪

കവിയും സാംസ്കാരിക പ്രവർത്തകനുമായ ശ്രീനി എടച്ചേരി കോഴിക്കോട്ട് അന്തരിച്ചു. 64 വയസ്സായിരുന്നു. അർബുദ രോഗ ബാധിതനായി ചികിത്സയിലായിൽ കഴിയവെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. മലപ്പുറം, കാസർക്കോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിവിധ വിദ്യാലയങ്ങളിൽ അധ്യാപകനായി ജോലിചെയ്ത ശ്രീനി കോഴിക്കോട് ജില്ലാ മലയാളം റിസോഴ്സ് ഗ്രൂപ്പിൽ അംഗമായിരുന്നു.

സംസ്കാരം വൈകിട്ട് എടച്ചേരി നോർത്തിലെ വീട്ടുവളപ്പിൽ.

ശ്രീനി എടച്ചേരിയുടെ നിര്യാണത്തിൽ CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, സംസ്ഥാന അസി. സെക്രട്ടറി സത്യൻ മൊകേരി, EK വിജയൻ MLA, എന്നിവർ അനുശോചനം അറിയിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച മുൻ ദേശീയ കബഡിതാരവും പി ടി ഉഷ MPയുടെ ഭർത്താവുമായ V ശ്രീനിവാസന് നാടിന്റെ യാത്രാമൊഴി നൽകി. രാഷ്ട്രീയ- സാമൂഹ്യ- സാംസ്ക്കാരിക- കായിക മേഖലയിലെ പ്രമുഖർ വീട്ടിലെത്തി അന്തിമോപചാരമർപ്പിച്ചു. വൈകീട്ട് വീട്ടു വളപ്പിലായിരുന്നു സംസ്കാരം.

തുടർന്ന് പയ്യോളി ഹൈസ്കൂൾ ഗ്രൗണ്ടിൽ അനുശോചന യോഗം ചേർന്നു.

✪✪✪

കനേഡിയൻ-അമേരിക്കൻ അഭിനേത്രിയും, എമ്മി അവാർഡ് ജേതാവുമായ കാതറിൻ ഒഹാര ലോസാഞ്ചലസിൽ അന്തരിച്ചു. 71 വയസ്സായിരുന്നു. അഞ്ചു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന അഭിനയ ജീവിതത്തിൽ ഒട്ടേറെ സിനിമകളിലും, ടെലിവിഷൻ സീരിയലുകളിലും കഥാപാത്രമായിരുന്നു കാതറിൻ.

✪✪✪

കേരള മൺപാത്ര നിർമാണ സമുദായ സഭ പത്തൊൻപതാം സംസ്ഥാന സമ്മേളനം ഇന്നും നാളെയുമായി കണ്ണൂരിൽ ചേരും. വൈകിട്ട് സ്റ്റേഡിയം കോർണറിൽ  പൊതു സമ്മേളനം മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് VD സതീശൻ, BJP നേതാവ് സന്ദീപ് വാചസ്പതി എന്നിവർ പങ്കെടുക്കും.  നാളെ തളിപ്പറമ്പിൽ പ്രതിനിധി സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader:  നിഷിത കുമാരി*
*NRTs:,   രജിന കെ*
*DEO :  ഷീബ*